**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 ഏക്കർ ഭൂമിയിൽ ജുഡീഷൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1821/2019/ത.സ്വ.ഭ.വ    തിരുവനന്തപുരം, തീയതി, 24.08.2019.

---

പരാമർശം :- 1) തൊടുപുഴ ജില്ലാ ജഡ്ജിയുടെ 05/02/2013-ലെ D No.905/13 നമ്പർ കത്ത്

2) ഇടുക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 04/03/2013 -ലെ 11-ാം നമ്പർ, 11/06/2019 -ലെ 13(1) നമ്പർ തീരുമാനങ്ങൾ.

3) ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22/05/2013 -ലെ T272/97/IDA നമ്പർ കത്ത്.

4) കേരള ഹൈക്കോടതി രജിസ്ട്രാറുടെ 20/06/2017 -ലെ D9(A) 55763/ 2011/D9A(2) നമ്പർ കത്ത്.

5) പഞ്ചായത്ത് ഡയറക്ടറുടെ 03.05.2018-ലെ സി2-2116/18 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലാ ആസ്ഥാനത്ത് ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഇടുക്കി വില്ലേജിലെ സർവ്വെ നം.161/1 ൽപ്പെട്ട 322.974 ഹെക്ടർ ഭൂമിയിൽപ്പെട്ട 2 ഏക്കർ സ്ഥലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിൽ നില നിർത്തിക്കൊണ്ടു തന്നെ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള ഉപയോഗാനുമതി നൽകുന്നതിന് ജില്ലാപഞ്ചായത്ത് കമ്മിറ്റി പരാമർശം (2)പ്രകാരം തീരുമാനിക്കുകയും അനുമതിയ്ക്കായി പരാമർശം (3) പ്രകാരം ജില്ലാപഞ്ചായത്ത് സെക്രട്ടറി സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി വില്ലേജിലെ സർവ്വെ നം.161/1 ൽപ്പെട്ട 322.974 ഹെക്ടർ ഭൂമിയിൽ നിന്നും 2 ഏക്കർ സ്ഥലത്ത് ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിൽ നില നിർത്തിക്കൊണ്ട് ജുഡീഷൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുവാൻ ഇടുക്കി ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**മദീന ബീഗം. എ**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No. RC1/259/2017/LSGD).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ